"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.ജെനി എം.ആർ ഉം മറ്റുള്ളവരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.29852/2016 ലെ 22.07.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1264/2022/GEDN തീയതി,തിരുവനന്തപുരം, 03-03-2022

പരാമർശം:-

1. ശ്രീമതി.ജെനി എം.ആർ ഉം മറ്റുള്ളവരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.29852/2016 ലെ 22.07.2021 ലെ വിധിന്യായം
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23.12.2021 ലെ ഇറ്റി1/13334/2021/ഡിജിഇ നമ്പർ കത്ത്
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27.12.2021 ലെ ഡി.ഡി.ഇ.കെ.എൽ.എം./13403/2021-ബി3 നമ്പർ കത്ത്
4. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.12.2021 ലെ ബി6/3796/2021 നമ്പർ കത്ത്

ഉത്തരവ്

പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.ജെനി എം.ആർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.29852/2016 ലെ 22.07.2021 ലെ വിധിന്യായത്തിൽ ഹർജിക്കാർ സമർപ്പിച്ച റിവിഷൻ ഹർജികൾ, ഹർജിക്കാരെയും മാനേജരേയും ഉചിതമാർഗേണ കേട്ട്, തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗ്രൂഗിൾ മീറ്റ് വഴി 29.12.2021-ന് കേട്ടു. ഹർജിക്കാരുടെ വാദം ചുവടെ ചേർക്കുന്നു.

"എ) കൊല്ലം ജില്ലയിലെ പാരിപ്പള്ളി അമൃത സംസ്കൃത ഹയർസെക്കന്ററി സ്കൂളിൽ സേവനം അനുഷ്ഠിക്കുന്ന 1- ശ്രീമതി.ജനി.എം.ആർ, എച്ച്.എസ്.എ (എസ്.എസ്), 2- ശ്രീമതി.നിർമ്മലാകുമാരി അമ്മ ജി, എച്ച്.എസ്.എ (ഇംഗ്ലീഷ്), 3- ശ്രീമതി ശ്രീദേവി.പി.എച്ച്, എച്ച്.എസ്.എ (സംസ്കൃതം), 4 – ശ്രീമതി. പ്രവീണ കെ.എൽ, എച്ച്.എസ്.എ (ഗണിതം), 5 – ശ്രീമതി.ശിവള എസ്, യു.പി.എസ്.എ, 6-ശ്രീമതി. ബിന്ദു.എസ്, യു.പി.എസ്.എ, 7 – ശ്രീമതി. ദീത എൽ.ഡി, യു.പി.എസ്.എ, 8-ശ്രീമതി. സ്മിത.ബി, യു.പി.എസ്.എ 9 - ശ്രീമതി.ഷീബ.ബി, യു.പി.എസ്.എ 10, ശ്രീമതി.പ്രീജ.എസ്, യു.പി.എസ്.എ എന്നിവർ ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 29852/2016 നമ്പർ റിട്ട് ഹർജിയിലെ 22/07/2021-ലെ വിധിന്യായത്തിൽ ഹർജിയിലെ വസ്തുതകൾ

പരിഗണനയിലെടുക്കുകയും താഴെപറയുന്ന വ്യക്തമായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ള വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

"9. However, it is clear that the only reason stated for rejecting the petitioners' approval is that the Manager had not executed a bond in spite of the fact that he was obligated to do so as per Govt. Order.

10. In this perspective, it is without doubt, as again rightly pointed out by the Learned Counsel for the petitioners, that this Court has issued several judgments in the past, concerning the approval of appointments of persons like the petitioners, directing the educational authorities to grant it, deeming that the Manager has executed a bond in terms of GO(P) 10/2010/G.Edn dated 12/01/2010. Since exhibits. P14 and P16 orders were issued without adhering to this and since the petitioners have been denied approval from their initial dates of appointment solely on account of this reason, I am certain that said orders cannot find my favor.

In the afore circumstance, I allow this writ petition and set aside Ext. P16 with a consequential direction to the competent authority of the Govt., to reconsider the revisions which led to the said orders, after affording an opportunity of being heard to the petitioners as well as the Manager of the School-either physically or through video conferencing -thus culminating in appropriate orders thereon, as expeditiously as possible but not later than three months from the date of receipt of a copy of the judgment.

Needless to say while the afore exercise is completed by the competent Secretary of the Govt., said officer will be at full liberty to deem that the Manager has executed a bond, subject to his version in terms of GO(P) 10/2010/G.Edn dated 12/01/2010."

ആയതിനാൽ ഹർജിക്കാരുടെ (ആദ്യ നിയമന തീയതി മുതൽക്കുള്ള) അംഗീകാരം നിഷേധിക്കുന്നതിന് ഏക കാരണം ഗവൺമെന്റ് ഓർഡർ പ്രകാരം (G.O(Rt) 10/2010/G.Edn dated 12/01/2010) മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ല എന്നത് മാത്രമാണ്.

ബി) അക്കാരണത്താൽ, ഹർജിക്കാരുടേതിന് സമാനമായ നിരവധി കേസ്സുകളിൽ മാനേജർ G.O(Rt) 10/2010/G.Edn dated 12/01/2010 പ്രകാരമുള്ള ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് കോടതിവിധികളുടെ അടിസ്ഥാനത്തിൽ നിയമനങ്ങൾ അംഗീകരിച്ചിട്ടുള്ളതാണ് എന്നതിനാൽ ഹർജിക്കാരുടെ നിയമന കാര്യത്തിൽ ഇപ്രകാരം ബോണ്ട് കൊടുത്തില്ല എന്ന കാരണത്താൽ നിയമന തീയതി മുതലുള്ള നിയമനാംഗീകാരം നിഷേധിക്കുന്നത് കോടതി അംഗീകരിക്കുന്നില്ല.

സി) ഇപ്രകാരം തീരുമാനമെടുക്കുമ്പോൾ (G.O(Rt) 10/2010/G.Edn dated 12/01/2010) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് തദനുസൃതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരുടെ കാര്യത്തിൽ മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുമാണ് കോടതി വ്യക്തമായ നിർദ്ദേശം സർക്കാരിന് നൽകി വിധിയായിട്ടുള്ളത്.

ഡി) ആയതിനാൽ നിയമാനുസൃതമായി നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കോടതിവിധിയ്ക്ക അനുസൃതമായി തീരുമാനമെടുക്കുന്നതിനായി ഒന്നു മുതൽ പത്ത് വരെയുള്ള ഹർജിക്കാരെ സംബന്ധിച്ച വസ്തുതകൾ ഉപോത്ബലകമായ രേഖകളുടെ അടിസ്ഥാനത്തിൽ താഴെപറയുംപ്രകാരം സമർപ്പിക്കുന്നു. (11-ാംാം ഹർജിക്കാരിയായ മഞ്ജുഷ.എൽ.ന്റെ വിഷയത്തിൽ

സർക്കാർ തീരുമാനമെടുത്തുകഴിഞ്ഞതായി അറിയുന്നു).”

2) പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"എ) പാരിപ്പള്ളി അമൃത സംസ്കൃതം എച്ച്.എസ്.എസ് പുതുതായി ആരംഭിച്ച സ്കൂൾ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ഇത്തരം സ്കൂളുകളിൽ ഉണ്ടായ ഒഴിവുകളെല്ലാം സംരക്ഷിത അദ്ധ്യാപകർ മൂലം നികത്തണമെന്ന സർക്കാരിന്റെ 28/06/2002 ലെ സ.ഉ(അ) 178/2002/പൊ.വി.വ നിലനിന്നിരുന്നതിനാലും, ജി.ഒ.(പി) 317/2005/പൊ.വി.വ തീയതി 17/08/2005 ഉത്തരവ് പ്രകാരം പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഉള്ളതിനാലും ഒഴിവ് വ്യവസ്ഥാപിതമല്ലാത്തതിനാലും ടി അദ്ധ്യാപകരുടെ നിയമനങ്ങൾ ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിട്ടുള്ളതാണ്. ജി.ഒ(പി)10/10/പൊ.വി.വ തീയതി 12/01/2010 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ടി സ്കൂൾ മാനേജർ നിശ്ചിത ബോണ്ട് സമർപ്പിക്കുകയുണ്ടായില്ല. അതിന് ശേഷം 01/10/2011 ലെ സ.ഉ നം.199/2011/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അദ്ധ്യാപക പാക്കേജ് നിലവിൽ വന്നപ്പോൾ പരാതിക്കാരായ അദ്ധ്യാപകരെ അദ്ധ്യാപക പാക്കേജിൽ ഉൾ പ്പെടുത്തുകയും 01/06/2011 മുതൽ നിയമനം അംഗീകരിച്ചു നൽകുകയും ചെയ്തു. ഹർജിക്കാരുടെ പ്രധാന ആവശ്യം അവരുടെ നിയമനത്തീയതി മുതൽ അംഗീകാരം നൽകണമെന്നതാണ്.

ബി) പരാതി നൽകിയ അദ്ധ്യാപകരുടെ നിയമന തീയതിയും ഒഴിവ് വിവരങ്ങളും ചുവടെ ചേർക്കുന്നു.

1	ശ്രീമതി. ജെനി.എം.ആർ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) , അമൃത സംസ്കൃതം എച്ച്.എസ്.എസ് പാരിപ്പള്ളി (2011-12 വർഷത്തെ അധിക തസ്തികയിൽ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിൽ 01/06/2011 മുതൽ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്)	2008-09 വർഷത്തെ അധിക തസ്തികയിൽ 18/07/2008 മുതൽ യു.പി.എസ്.ടി തസ്തികയിൽ നിയമിച്ചു.	01/06/2011 മുതൽ യു.പി.എസ്.ടി തസ്തികയിൽ നിയമനം അംഗീകരിച്ചു നൽകി.
2	നിർമ്മല കുമാരി അമ്മ.ജി.എച്ച്.എസ്.ടി (ഇംഗ്ലീഷ്), അമൃത സംസ്കൃതം എച്ച്.എസ്.എസ് പാരിപ്പള്ളി (എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ ശ്രീമതി. ലൈല.ടി.എസ് ന്റെ 31/03/2011 ലെ വിരമിക്കൽ ഒഴിവിൽ 01/06/2011 മുതൽ എച്ച്.എസ്.ടി നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്.	2009-10 വർഷത്തെ അധിക തസ്തികയിൽ 01/06/2009 മുതൽ യു.പി.എസ്.ടി തസ്തികയിൽ നിയമിച്ചു.	01/06/2011 മുതൽ യു.പി.എസ്.ടി നിയമനം അംഗീകരിച്ചു നൽകി.
3	ശ്രീമതി. ശ്രീദേവി പി.എച്ച്.	2008-09 വർഷത്തെ	01/06/2011 മുതൽ

	എച്ച്.എസ്.ടി (സംസ്കൃതം) , അമൃത സംസ്കൃതം എച്ച്.എസ്.എസ് പാരിപ്പള്ളി	അധിക തസ്തികയിൽ എൽ.ജി. സംസ്കൃതം 02/06/2008 മുതൽ നിയമിച്ചു.	എൽ.ജി.സംസ്കൃതം തസ്തികയിൽ നിയമനാംഗീകാരം ലഭിച്ചു.
4	ശ്രീമതി. പ്രവീണ.കെ.എൻ, എച്ച്.എസ്.ടി (ഗണിതം) അമൃത സംസ്കൃതം എച്ച്.എസ്.എസ്. പാരിപ്പള്ളി (04/06/2012 മുതൽ എച്ച്.എസ്.ടി (ഗണിതം) നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്.	2009-10 വർഷത്തെ അധിക തസ്തികയിൽ 01/06/2009 മുതൽ യു.പി.എസ്.ടി തസ്തികയിൽ നിയമിച്ചു.	01/06/2011 മുതൽ യു.പി.എസ്.ടി നിയമനാംഗീകാരം ലഭിച്ചു.
5	ശ്രീമതി. ശിവാല എസ്, യു.പി.എസ്.ടി, അമൃത സംസ്കൃതം എച്ച്.എസ്.എസ് പാരിപ്പള്ളി	17/07/2007 മുതൽ 2007-08 വർഷത്തെ അധിക തസ്തികയിൽ യു.പി.എസ്.ടി ആയി നിയമിച്ചു.	01/06/2011 മുതൽ യു.പി.എസ്.ടി നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്.
6	ശ്രീമതി. ബിന്ദു.എസ്, യു.പി.എസ്.ടി, അമൃത സംസ്കൃതം എച്ച്.എസ്.എസ് പാരിപ്പള്ളി	1.എ) 15/10/2007 മുതൽ 18/12/2007 വരെ (ദിവസ വേതനം) ബി) 01/01/2008 മുതൽ 05/03/2008 വരെ (ദിവസ വേതനം)	ശ്രീമതി. വീണയുടെ സ്ഥാനക്കയറ്റ ഒഴിവിൽ ദിവസ വേതന നിയമനം. ശ്രീമതി. വീണയുടെ ടി കാലയളവിലെ സ്ഥാനക്കയറ്റ നിയമനം.
7	(ശ്രീമതി. അഭിലയുടെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) സ്ഥാനക്കയറ്റ നിയമനം 01/06/2010 മുതൽ അംഗീകരിച്ചാലെ ഒഴിവ് വ്യവസ്ഥാപിതമാകുകയുള്ളൂ).		മുതൽ അംഗീകരിച്ചതിനാൽ ശ്രീമതി.ദീതയുടെ യു.പി.എസ്.ടി നിയമനം 01/06/2011 മുതൽ അംഗീകരിച്ചു നൽകി.
8	ശ്രീമതി. സ്മിത.ബി, യു.പി.എസ്.ടി, അമൃത സംസ്കൃതം എച്ച്.എസ്.എസ് പാരിപ്പള്ളി	2008-09 വർഷത്തെ അധിക തസ്തികയിൽ 16/07/2008 മുതൽ യു.പി.എസ്.ടി ആയി നിയമിച്ചു.	01/06/2011 മുതൽ യു.പി.എസ്.ടി നിയമനം അംഗീകരിച്ചു നൽകി.
9	ശ്രീമതി. ഷീബ.ബി, എൽ.ജി.സംസ്കൃതം, അമൃത സംസ്കൃതം എച്ച്.എസ്.എസ് പാരിപ്പള്ളി	2007-08 വർഷത്തെ അധിക തസ്തികയിൽ 17/07/2007 മുതൽ എൽ.ജി.സംസ്കൃതം തസ്തികയിൽ നിയമിച്ചു.	01/06/2011 മുതൽ എൽ.ജി.സംസ്കൃതം തസ്തികയിൽ നിയമനാംഗീകാരം ലഭിച്ചു.
10	ശ്രീമതി.പ്രീജ എസ്, യു.പി.എസ്.ടി,	1) 2009-10 വർഷത്തെ	2009-10 വർ ഷം 01/06/2009

	അമൃത സംസ്കൃതം എച്ച്.എസ്.എസ് പാരിപ്പള്ളി ശ്രീമതി.ലക്ഷ്മി.എൽ ന്റെ 01/06/2010 മുതലുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചാലേ ഒഴിവ് വ്യവസ്ഥാപിതമാകുകയുള്ളൂ. ആയതിൻമേൽ തുടർ നടപടി സ്വീകരിച്ചു വരുന്നു).	അധിക തസ്തികയിൽ 01/06/2009 മുതൽ യു.പി.എസ്.ടി തസ്തികയിൽ നിയമിച്ചു. 2) ശ്രീമതി. ലക്ഷ്മി.എൽ ന്റെ 01/06/2010 മുതലുള്ള എച്ച്.എസ്.ടി (ഗണിതം) സ്ഥാനക്കയറ്റ ഒഴിവിൽ 01/06/2010 മുതൽ യു.പി.എസ്.ടി തസ്തികയിൽ നിയമിച്ചു.	മുതൽ ടിയാരിയെ ഉൾക്കൊള്ളാൻ അധിക തസ്തിക ഇല്ല. ശ്രീമതി.ലക്ഷ്മി.എൽ, എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) 01/06/2010 മുതലുള്ള സ്ഥാനക്കയറ്റ നിയമനം 01/06/2011 മുതൽ അംഗീകരിച്ചതിനാൽ ശ്രീമതി.പ്രീജ.എസ് ന്റെ യു.പി.എസ്.ടി നിയമനം 01/06/2011 മുതൽ അംഗീകരിച്ചു നൽകി.
11	ശ്രീമതി. മഞ്ജുഷ.എൽ, എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) സർക്കാരിന് സമർപ്പിച്ച ഹർജിയിൻമേൽ പൊതുവിദ്യാഭ്യാസ (ബി) വകുപ്പിന്റെ 04/11/2021 ലെ ജി.ഒ.(ആർ.റ്റി) നം.4965/2021 ഉത്തരവിൻമേൽ ഈ കാര്യാലയത്തിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു.		

സി) അമൃത സംസ്കൃതം എച്ച്.എസ്.എസ് ൽ സംരക്ഷിത അദ്ധ്യാപികയായ ശ്രീമതി. രമാകുമാരി ജി, എച്ച്.എസ്.ടി (സംസ്കൃതം) 17/11/2008 മുതൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടി അദ്ധ്യാപിക 31/05/2016 ന് സർവ്വീസിൽ നിന്നും വിരമിച്ചതിനു ശേഷം സംരക്ഷിത അദ്ധ്യാപകരെ ആരും തന്നെ നിയമിച്ചിട്ടില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു."

3) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. 01/10/2011 ലെ സ.ഉ നം.199/2011/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പരാതിക്കാരായ അദ്ധ്യാപകരെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തുകയും 01/06/2011 മുതൽ നിയമനം അംഗീകരിച്ചു നൽകുകയും ചെയ്തു. ഹർജിക്കാരുടെ പ്രധാന ആവശ്യം അവരുടെ നിയമനത്തീയതി മുതൽ അംഗീകാരം നൽകണമെന്നതാണ്. ഹർ ജിക്കാരുടെ (ആദ്യ നിയമന തീയതി മുതൽക്കുള്ള) അംഗീകാരം നിഷേധിക്കുന്നതിന് ഏക കാരണം ഗവൺമെന്റ് ഓർഡർ പ്രകാരം (G.O(Rt) 10/2010/G.Edn dated 12/01/2010) മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ല എന്നത് മാത്രമാണ് എന്നും മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ല എങ്കിൽകൂടി അപ്രകാരം കണക്കിലെടുത്ത് നിയമനാംഗീകാരം നല്കാൻ ബഹു: കോടതി വിധിന്യായത്തിലുണ്ടെന്നും ഹർജിക്കാരുടെ കൗൺസൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹർജിക്കാരിൽ ശ്രീമതി. മഞ്ജുഷ.എൽ, എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) [*04/11/2021 ലെ ജി.ഒ. (ആർ.റ്റി) നം.4965/2021 ഉത്തരവിൻമേൽ വിദ്യാഭ്യാസ ഓഫീസർ തുടർ നടപടി സ്വീകരിച്ചു വരുന്നു എന്നു റിപ്പോർട്ടുണ്ട്*] ഒഴികെയുള്ള അദ്ധ്യാപകരുടെ നിയമനാംഗീകാരം നല്കുന്നതിനുള്ള ഒരേയൊരു

സ.ഉ.(സാധാ) നം.1264/2022/GEDN

തടസ്സം G.O(Rt) 10/2010/G.Edn dated 12/01/2010 പ്രകാരം മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ല എന്നത് മാത്രമാണെന്നുറപ്പ് വരുത്തിയശേഷം, മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കിലെടുത്ത് നിയമനാംഗീകാരം നല്കാൻ ബഹു: കോടതി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളതു പരിഗണിച്ച്, ഹർജിക്കാരുടെ നിയമനാംഗീകാരം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നല്കി ഉത്തരവാകാൻ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നിർദ്ദേശം നല്കി അപ്രകാരം പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.ജെനി എം.ആർ ഉം മറ്റുള്ളവരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.29852/2016 ലെ 22.07.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂൾ, പാരിപ്പള്ളി, കൊല്ലം -691574

ശ്രീ/ശ്രീമതി.ജെനി എം.ആർ, എച്ച്.എസ്.ടി(സോഷ്യൽ സയൻസ്), "

ശ്രീ/ശ്രീമതി.നിർമല കുമാരി അമ്മ ജി, എച്ച്.എസ്.ടി(ഇംഗ്ലീഷ്), "

ശ്രീ/ശ്രീമതി.ശ്രീദേവി പി.എച്ച്, എച്ച്.എസ്.ടി(സംസ്കൃതം), "

ശ്രീ/ശ്രീമതി.പ്രവീണ കെ.എൽ, എച്ച്.എസ്.ടി(മാത്സ്), "

ശ്രീ/ശ്രീമതി.ശിവാല എസ്, യു.പി.എസ്.എ, "

ശ്രീ/ശ്രീമതി.ബിന്ദു എസ്, യു.പി.എസ്.എ, "

ശ്രീ/ശ്രീമതി.ദീത എൽ.ഡി, യു.പി.എസ്.എ, "

ശ്രീ/ശ്രീമതി.സ്മിത ബി, യു.പി.എസ്.എ, "

ശ്രീ/ശ്രീമതി.ഷീബ ബി, യു.പി.എസ്.എ, "

ശ്രീ/ശ്രീമതി.പ്രീജ എസ്, യു.പി.എസ്.എ, "

ശ്രീ/ശ്രീമതി.മഞ്ജുഷ എൽ, യു.പി.എസ്.എ, "

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Shahna Kumari S L
Date: 05-03-2022 15:42:03
സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.1264/2022/GEDN